**കേരള കാർഷിക സർവകലാശാല**
ദക്ഷിണ മേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
കാർഷിക കോളേജ്, വെള്ളായണി 695 522
**വിജ്ഞാപനം**
താല്ക്കാലിക ഒഴിവുകളിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ആർ.എ.ആർ.എസ്. (സതേൺ സോൺ) ലെ വിവിധ ഗവേഷണ കേന്ദ്രങ്ങളിലും, ബാഹ്യസഹായ പദ്ധതികളിലും (തിരുവനന്തപുരം, കൊല്ലം ജില്ലകൾ) ഫാം അസിസ്റ്റന്റ് അപ്രന്റീസ് ട്രെയിനികളെ ഒരു വർഷത്തേക്ക് താൽക്കാലികമായി നിയമിക്കുന്നതിന് 2017 ആഗസ്റ്റ് 10 (വ്യാഴം) 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നതാണെന്ന് അസ്സോസിയേറ്റ് ഡയറക്ടർ അറിയിക്കുന്നു.

**യോഗ്യത** : B.Sc. (Agriculture) ബിരുദം. B.Sc. (Agriculture) പാസായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ DASc. (Diploma in Agricultural Science) പാസായവരേയും പരിഗണിക്കുന്നതാണ്. DASc. പാസായ ഉദ്യോഗാർത്ഥികൾക്ക് അഭിരുചി പരീക്ഷ നടത്തുന്നതും അതിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്കു മാത്രം ഇന്റർവ്യൂ നടത്തുന്നതുമായിരിക്കും. കേരള കാർഷിക സർവകലാശാല അംഗീകരിച്ച കോഴ്സുകൾ മാത്രം പരിഗണിക്കുന്നതാണ്.

**പ്രതിമാസ സ്റ്റൈപ്പന്റ് :**

1. B.Sc. (Agriculture) ബിരുദധാരികൾക്ക് പ്രതിദിനം 750 രൂപ (പ്രതിമാസം പരമാവധി 18000 രൂപ)
2. DASc. പാസായ ഉദ്യോഗാർത്ഥികൾക്ക് പ്രതിമാസം 15000 രൂപ

**പ്രായ പരിധി** : 35 വയസ്സ്

പ്രായ പരിധിയിൽ സർക്കാർ ഇളവുകൾ ബാധകം. യോഗ്യത, വയസ്സ്, ജാതി തുടങ്ങിയവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ, മറ്റ് യോഗ്യതകൾ ഉണ്ടെങ്കിൽ അവയുടെ ഒറിജിനലും അറ്റസ്റ്റ് ചെയ്ത കോപ്പികളും, ബയോഡേറ്റ എന്നിവയുമായി മേൽ പറഞ്ഞ തീയതിയിൽ രാവിലെ 9 മണിക്ക് ആർ.എ.ആർ.എസ്. (സതേൺ സോൺ) ഓഫീസിൽ ഹാജരാകണം എന്ന് അസോഷ്യേറ്റ് ഡയറക്ടർ അറിയിക്കുന്നു. നിയമനം താല്ക്കാലികമായിരിക്കും. ഫോൺ : 0471 2383239, 2383249

വെള്ളായണി
27-07-2017

അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്,
ദക്ഷിണ മേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,
കാർഷിക കോളേജ്, വെള്ളായണി പി. ഒ.,
തിരുവനന്തപുരം 695522

REGIONAL AGRICULTURAL RESEARCH STATION
COLLEGE OF AGRICULTURE
VELLAYANI
THIRUVANANTHAPURAM
PIN- 695 522
SOUTH ZONE